## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*313      14/03/2018-ൽ മറുപടിക്ക്

### എം.എം.ആർ. വാക്സിന്റെ ക്ഷാമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.കെ.ബഷീർ<br>ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** | |
| എ) | സംസ്ഥാനത്ത് എം.എം.ആർ. വാക്സിന് കടുത്ത ക്ഷാമമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | MR വാക്സിനേഷൻ കാമ്പയിൻ നടന്ന ഒക്ടോബർ മുതൽ നവംബര് അവസാനം വരെ MMR വാക്സിൻ നൽകേണ്ടതില്ലെന്ന് കേന്ദ്ര സർക്കാർ നിർദേശം നൽകിയിരുന്നു. ഈ കാലയളവിൽ MMR വാക്സിൻ മുൻകൂട്ടി വാങ്ങി സൂക്ഷിക്കേണ്ടതില്ലെന്നു ബോധ്യപ്പെട്ടതിനാലാണ് ചില ജില്ലകളിൽ ടി മരുന്ന് സ്റ്റോക്ക് ചെയ്യാതിരുന്നത് |
| ബി) | സർക്കാർ ആശുപത്രികളിൽ നിന്നും ഈ പ്രതിരോധ കുത്തിവയ്പ് സൗജന്യമായാണോ നൽകുന്നതെന്നും ഏതൊക്കെ ദിവസങ്ങളിലാണ് ഇത് നൽകുന്നതെന്നും വിശദമാക്കാമോ; | ബി) | സർക്കാർ ആശുപത്രികളിൽ നിന്നും എം.എം.ആർ വാക്സിൻ സൗജന്യമായാണ് നൽകുന്നത്. എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ബുധനാഴ്ച ദിവസമാണ് എം.എം.ആർ വാക്സിൻ നൽകുന്നത് ഇതുകൂടാതെ ഉപകേന്ദ്രങ്ങളിൽ മുൻകൂട്ടി നിശ്ചയിച്ച ദിവസങ്ങളിലും വാക്സിൻ ലഭ്യമാണ്. |
| സി) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ എം.എം.ആർ. വാക്സിനുകൾ എവിടെ നിന്നാണ് ലഭ്യമാകുന്നതെന്നറിയിക്കാമോ; | സി) | സംസ്ഥാനത്തെ ആശുപത്രികളിൽ എം.എം.ആർ വാക്സിൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേനയാണ് വാങ്ങുന്നത്. |
| ഡി) | സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് എം.എം.ആർ. വാക്സിനുകൾ ലഭ്യമാകാതെ | ഡി) | എം.എം.ആർ വാക്സിൻ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം നൽകുന്നില്ല. ആരോഗ്യ വകുപ്പിനു വേണ്ടി കേരള സാമൂഹ്യ സുരക്ഷ മിഷൻ (കേരള സോഷ്യൽ |

| | | | |
|---|---|---|---|
| | വന്നതിനുള്ള കാരണങ്ങൾ വിശദമാക്കാമോ? | | സെക്യൂരിറ്റി മിഷൻ)ന്റെ ധനസഹായത്തോടെ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേനയാണ് വാങ്ങുന്നത് എം.ആർ (മീസിൽസ്-റൂബെല്ല) വാക്സിനേഷൻ ക്യാംപെയിൻ ഒക്ടോബർ 3-ാം തീയതി മുതൽ നവംബർ അവസാന ആഴ്ച വരെ കേരളത്തിൽ നടപ്പിലാക്കി. ഈ ക്യാംപെയിൻ നടക്കുന്ന അവസരത്തിൽ എം.എം.ആർ വാക്സിൻ നൽകേണ്ട എന്ന് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിരുന്നു. എം.എം.ആർ വാക്സിൻ ആശുപത്രികളിൽ എം.ആർ ക്യാംപെയിനു ശേഷം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇത് പ്രകാരം കെ.എം.എസ്.സി.എൽ, എം.എം.ആർ വാക്സിൻ ഉടൻ ലഭ്യമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ